പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 737      29.5.2019 -ൽ മറുപടിയ്ക്ക്

## ബി.ആർ.ഡി.സി. യുടെ പ്രവർത്തനം

<table>
<tr><td colspan="2">ചോദ്യം<br>ശ്രീ.കെ.കുഞ്ഞിരാമൻ :</td><td colspan="2">മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ, സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി</td></tr>
<tr><td>എ)</td><td>ബി.ആർ.ഡി.സി. (ബേക്കൽ റിസോർട് ഡെവലപ്മെന്റ് കോർപറേഷൻ )യുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് അടുത്ത കാലത്ത് ഉന്നത തലത്തിൽ റിവ്യൂ മീറ്റിംഗ് നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;</td><td rowspan="2">എ) യും ബി) യും</td><td rowspan="2">ബി.ആർ.ഡി.സി. യുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് 15.5.2019-ന് ഉച്ചകഴിഞ്ഞ് 3 മണിക്ക് ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ ഉന്നത തലത്തിൽ അവലോകന യോഗം നടത്തിയിട്ടുണ്ട്. പ്രസ്തുത യോഗത്തിൽ ചുവടെ പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.<br>1. മലബാർ മേഖലയുടെ സമഗ്രമായ വികസനത്തിന് സഹായകമാകും വിധം അവിടത്തെ ടൂറിസം സാധ്യതകൾ, പുതിയ സംരംഭകരെ ആകർഷിക്കുവാനുള്ള നൂതന പദ്ധതികൾ, ടൂറിസം രംഗത്തെ പുതിയ പ്രവണതകൾ എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് ഒരു പവർ പോയിന്റ് പ്രസന്റേഷൻ തയ്യാറാക്കി ബഹു. മുഖ്യമന്ത്രി മുമ്പാകെ അവതരിപ്പിക്കാവുന്നതാണ്.<br>2. ബി.ആർ.ഡി.സിയുടെ പ്രവർത്തനം പ്രത്യേകിച്ച് കാസർഗോഡ്, കണ്ണൂർ ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് ഉതകും വിധം സ്ഥാപനത്തിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനാവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ഇതിനാവശ്യമായ ഭേദഗതികൾ MoA യിൽ വരുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുക.<br>3. ബി.ആർ.ഡി.സി പാട്ടത്തിന് നൽകിയിട്ടുള്ള റിസോർട്ടുകളിൽ/ വസ്തുക്കളിൽ ലീസ് റെന്റ് കുടിശ്ശിക വരുത്തിയവരുമായി യോഗം ചേർന്ന് പ്രശ്ന പരിഹാരത്തിന് നടപടി സ്വീകരിക്കുക.</td></tr>
<tr><td>ബി)</td><td>ഈ റിവ്യൂ മീറ്റിംഗിൽ ഏതൊക്കെ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കാനാണ് തീരുമാനിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ;</td></tr>
</table>

| | | | |
|---|---|---|---|
| സി) | ഇത്തരത്തിൽ ഇതിന് മുൻപ് നടന്ന റിവ്യൂ മീറ്റിംഗ്ൽ എടുത്ത തീരുമാനങ്ങൾ ബി.ആർ.ഡി.സി. നടപ്പിൽ വരുത്തിയിട്ടുണ്ടോ എന്നത് പരിശോധനാ വിധേയമാക്കാമോ; വിശദാംശങ്ങൾ അറിയിക്കാമോ? | സി) | വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

2017 നവംബർ മാസത്തിൽ ടൂറിസം സെക്രട്ടറിയുടെ സാന്നിധ്യത്തിൽ ജില്ലാ കലക്ടറുടെ ചേമ്പറിൽ ബി.ആർ.ഡി.സി.യുടെ (ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ) പ്രവർത്തനവുമായി ബന്ധപ്പെട്ട് ചേർന്ന അവലോകന യോഗത്തിൽ എടുത്ത തീരുമാനങ്ങളും കൈക്കൊണ്ട നടപടികളും

| ക്രമ നമ്പർ | തീരുമാനം | കൈക്കൊണ്ട നടപടി |
|---|---|---|
| 1 | തച്ചങ്ങാട് കൾച്ചറൽ സെന്റർ പണി പൂർത്തീകരിച്ച് ഡിസംബർ മാസത്തിൽ ഉദ്ഘാടനത്തിന് തയ്യാറാകും. | തച്ചങ്ങാട് കൾച്ചറൽ സെന്റർ ഉദ്ഘാടനം ബഹു. ടൂറിസം വകുപ്പ് മന്ത്രി നിർവ്വഹിച്ചു |
| 2 | ബേക്കൽ സൗത്ത് ബീച്ച് പാർക്കിന്റെ നവീകരണ പ്രവർത്തികൾ മാർച്ച് 2018-ഓടെ പൂർത്തീകരിച്ച് സഞ്ചാരികൾക്കായി തുറന്ന് കൊടുക്കുവാൻ നടപടി സ്വീകരിക്കും. | ബേക്കൽ സൗത്ത് ബീച്ച് പാർക്കിന്റെ നവീകരണ പ്രവർത്തികൾ കിറ്റ്കോ പൂർത്തീകരിച്ച് 11.3.2019 ന് ബി.ആർ.ഡി.സിക്ക് കൈമാറിയിട്ടുണ്ട്. പാർക്ക് നടത്തിപ്പ് സംബന്ധിച്ച നടപടികൾ തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം പിൻവലിച്ചയുടൻ കൈക്കൊള്ളുന്നതാണ്. |
| 3 | തണൽ വിശ്രമകേന്ദ്രത്തിന് പള്ളിക്കര പഞ്ചായത്ത് ഓഫീസുമായി ബന്ധപ്പെട്ട് കെട്ടിട നമ്പർ ലഭ്യമാക്കുന്നതിനുള്ള പുനർ നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചു. ബി.ആർ.ഡി.സി ഇതിനായി ജില്ലാ കളക്ടറുടെ മേൽനോട്ടത്തിൽ നടപടി സ്വീകരിക്കും. | പുനർ നടപടികൾ സ്വീകരിച്ച തണൽ വിശ്രമകേന്ദ്രത്തിന് ഇപ്പോൾ പഞ്ചായത്ത് അധികൃതരിൽ നിന്നും അൺആതറൈസ്ഡ് നമ്പർ ലഭ്യമായിട്ടുണ്ട്. നടത്തിപ്പിനായി കേരള ലളിതകലാ അക്കാദമി വഴി നടപടികൾ സ്വീകരിച്ചുവരുന്നു. |
| 4 | കാപ്പിൽ, കൊവ്വൽ, കോടി ബീച്ചുകൾ വികസിപ്പിക്കുന്നതിന് വർക്കിംഗ് ഗ്രൂപ്പിൽ പദ്ധതി സമർപ്പിക്കുവാൻ ബി.ആർ.ഡി.സി/ഡിറ്റിപിസി യോ നടപടികൾ സ്വീകരിക്കണം. | ബേക്കൽ പ്രദേശത്തുള്ള വിവിധ ബീച്ചുകൾ ഉൾപ്പെടുത്തി വിദേശ-ആഭ്യന്തര ടൂറിസ്റ്റുകളെ ആകർഷിക്കാനും പ്രാദേശിക തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനും സാധിക്കുന്ന രീതിയിൽ 'എക്സ്പീരിയൻഷ്യൽ ബീച്ചുകൾ' ടെ ശൃംഖല വികസിപ്പിക്കുന്നതിനായി പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. കിറ്റ്കോ വഴി പ്രാഥമിക റിപ്പോർട്ട് ടൂറിസം വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ബീച്ചുകളിൽ അനുയോജ്യമായ സർക്കാർ ഭൂമി ലഭ്യമാക്കുന്നതിന് ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയിട്ടുണ്ട്. ഭൂമി ഉപയോഗിക്കാനുള്ള |

(... 2)

| | | |
|---|---|---|
| | | ഉത്തരവ് ജില്ലാ കളക്ടറിൽ നിന്നും ഇതുവരെ ലഭിച്ചിട്ടില്ല. |
| 5 | എയർസ്ട്രിപ്പിന്റെ സിയാൽ സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ച് അനുയോജ്യമായ തീരുമാനം ഉണ്ടാകുമെന്ന് പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചു | കാസർഗോഡ് എയർസ്ട്രിപ്പ് പദ്ധതിക്കായി സർക്കാർ ഉത്തരവ് ജി.ഒ (ആർടി) നം . 402/2018/ട്രാൻസ് തീയതി 7.8.2018 പ്രകാരം പ്രിൻസിപ്പൽ സെക്രട്ടറി (ഏവിയേഷൻ) യുടെ നേതൃത്വത്തിലുള്ള കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| 6 | റിസോർട്ട് നിർമ്മാതാക്കളുടെ യോഗം വിളിച്ച് റിസോർട്ട് നിർമ്മാണ പുരോഗതി വിലയിരുത്തുവാനും, പാട്ടക്കുടിശ്ശിക പിരിച്ചെടുക്കുന്നതിനും നടപടികൾ ബി.ആർ.ഡി.സി കൈക്കൊള്ളും. | റിസോർട്ട് നിർമ്മാതാക്കളുടെ യോഗം വിളിക്കുകയും നിർമ്മാണം എത്രയും വേഗം പൂർത്തിയാക്കാനും പാട്ടക്കുടിശ്ശിക അടച്ചു തീർക്കാനുമുള്ള തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| 7 | ബി.ആർ.ഡി.സി ശുദ്ധജല വിതരണ പദ്ധതിയുടെ നടത്തിപ്പ് കേരള വാട്ടർ അതോറിറ്റിയുമായി ചർച്ച ചെയ്ത് വേണ്ട നടപടികൾ സ്വീകരിക്കുന്നതിനായി ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി | ബി.ആർ.ഡി.സി ശുദ്ധജല വിതരണ പദ്ധതിയുടെ നടത്തിപ്പ് കേരള വാട്ടർ അതോറിറ്റിയുമായി ചർച്ച ചെയ്ത് വേണ്ട നടപടികൾ സ്വീകരിക്കുന്നതിനായി ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിരുന്നു. നിലവിൽ പ്രശ്നങ്ങളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ